കർമ്മേൽ സൗരഭം

സെന്റ് കുറിയാക്കോസ് ഓർത്തഡോക്സ് ചാപ്പൽ കർമ്മേൽ ദയറ കണ്ടനാട്

സ്ലീബാദാസ സമൂഹം സ്ഥാപകനും മലബാർ ഭദ്രാസന പ്രഥമ മെത്രാപ്പോലീത്തയുമായ

മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 58-ാം ശ്രാദ്ധപ്പെരുന്നാൾ

2026 ജനുവരി 29 – ഫെബ്രുവരി 2

കർമ്മേൽ ദയറാ ഫെബ്രുവരി 2 പെരുന്നാൾ

ഇടയ സന്ദേശം

കർത്താവിൽ പ്രിയരേ,

മനുഷ്യ സമൂഹത്തിന് വളരെ ഉണർവും ആവേശവും വിശിഷ്ടവുമായുള്ള സന്ദേശങ്ങൾ നൽകിയ പിതാവാണല്ലോ സ്ലീബാദാസ സമൂഹം സ്ഥാപകൻ ഭാഗ്യസ്മരണാർഹനായ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത. 1968 ഫെബ്രുവരി 2-ാം തീയതി, ഈ പിതാവ് ദൈവ സന്നിധിയിലേക്ക് യാത്രയായ ദിനം പരിശുദ്ധ സഭയുടെ പ്രധാന പെരുന്നാളുകളിലൊന്നായ മായൽത്തോ (കർത്താവിന്റെ ദേവാലയ പ്രവേശനം) പെരുന്നാൾ കൂടിയാണല്ലോ. ഈ രണ്ട് സ്മരണകളും നമുക്ക് അനുഗ്രഹത്തിനായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഭാരത, കേരള സഭാ ചരിത്രങ്ങളിൽ ഒന്നുപോലെ ഇടം നേടിയ പുണ്യാത്മാവാണ് ഭാഗ്യസ്മരണാർഹനായ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത, സമൂഹത്തിലെ അനാചാരങ്ങൾക്കെതിരെ ശബ്ദമുയർത്തുകയും, സമൂഹത്തിൽ വേദനപ്പെടുന്നവരെ ചേർത്തു നിർത്തുകയും, വിദ്യാഭ്യാസവും ശുചിത്വവും ഉള്ള ഒരു തലമുറയെ സ്വപ്നം കാണുകയും അതിനായി തന്റെ ജീവിതം മാറ്റിവയ്ക്കുകയും ആയിരുന്നല്ലോ ഈ പിതാവ് ചെയ്തത്.

ഈ പിതാവിന്റെ 58-ാം ശ്രാദ്ധ പെരുന്നാൾ, അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന കണ്ടനാട് കർമ്മേൽ ദയറായിൽ ജനുവരി 31 മുതൽ ഫെബ്രുവരി 02 വരെ വിപുലമായ പരിപാടികളോടെ ആചരിക്കുകയാണ്. ബലഹീനനായ എന്റെ ചുമതലയിലുള്ള ബോംബെ ഭദ്രാസനത്തിന്റെ പ്രധാന പെരുന്നാളും, സുവർണ്ണ ജൂബിലിയും ഈ ദിവസങ്ങളിൽ ആയതിനാൽ പെരുന്നാൾ ചടങ്ങുകൾക്ക് പങ്കെടുക്കുവാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ പെരുന്നാൾ ചടങ്ങുകൾക്ക് പ്രധാന കാർമികത്വം വഹിക്കുന്നത് സുൽത്താൻബത്തേരി ഭദ്രാസനാധിപൻ അഭി. ഡോ. ഗീവർഗീസ് മാർ ബർണബാസ് മെത്രാപ്പോലീത്തയാണ്.

ദൈവ കാരുണ്യത്തിൽ ശരണപ്പെട്ട് ഏറ്റവും അനുഗ്രഹകരമായി, നിറവോടുകൂടി, നല്ല അനുഭവങ്ങളോടും സാക്ഷ്യത്തോടും കൂടി, ഈ പെരുന്നാൾ ആചരിക്കുവാനും കൃപകൾ ഏറ്റുവാങ്ങുവാനും ദൈവകാരുണ്യം സമ്പാദിക്കുവാനും നമുക്ക് ദൈവം ഇടയാക്കട്ടെ.

എല്ലാവർക്കും പുതുവർഷത്തിന്റെയും, ഈ വലിയ പെരുന്നാളിന്റെയും ഹൃദയംഗമമായ ആശംസകൾ സന്തോഷപൂർവ്വം അറിയിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ

ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത
സ്ലീബാദാസ സമൂഹം പ്രസിഡന്റ് & ബോംബെ ഭദ്രാസനാധിപൻ

പെരുന്നാൾ ആശംസകളോടെ....

DENTAL SQUARE

MULANTHURUTHY
Ph:8281600333

PEPPATHY
Ph:8078700333

പത്രോസ് മാർ ഒസ്താത്തിയോസ് – പാവങ്ങളുടെ അപ്പോസ്തോലൻ

സഖറിയാ പെരുമ്പടവം

ചാതുർവർണ്ണ്യ വേലിക്കെട്ടുകളാൽ വളയപ്പെട്ടിരുന്ന കേരളസമൂഹത്തിലേക്ക് മലങ്കരസഭയിൽ നിന്നും ആദ്യമായി മിഷൻ പ്രവർത്തനവുമായി മുന്നോട്ടിറങ്ങുന്നത് പരിശുദ്ധ പരുമല തിരുമേനിയാണ്. സമൂഹത്തിൽ അധ:കൃതരെന്നും നിരാലംബരെന്നും ലോകം ഗണിച്ചിരുന്നവർക്ക് ആശ്രയവും അഭയവുമായി വിജാതീയ മിഷൻ എന്ന പേരിൽ നവോത്ഥാനപ്രസ്ഥാനം സ്ഥാപിച്ച് തിരുമേനി ആ ദൗത്യത്തിനുവേണ്ടി അക്ഷീണം പോരാടി. പക്ഷേ അതുകൊണ്ടൊന്നും ജാതി വ്യവസ്ഥയും അടിച്ചമർത്തലുകളും ലവലേശം ശമിച്ചില്ല. അധ:കൃതോദ്ധാരണം ലക്ഷ്യമാക്കി വർഷങ്ങൾക്ക് ശേഷം 1924 സ്ലീബാപ്പെരുന്നാൾ ദിവസം മൂക്കഞ്ചേരിൽ എം.പി.പത്രോസ് ശെമ്മാശൻ ആരംഭിച്ചതാണ് അബ്യേദ് സ്ലീബോ അഥവാ സ്ലീബാദാസ സമൂഹം. വിജാതീയമിഷൻ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കുന്ന ഈ സമൂഹത്തെക്കുറിച്ച് അതിന്റെ സ്ഥാപകൻ ഇപ്രകാരം എഴുതിയിരിക്കുന്നു: 'ക്രിസ്തുമാർഗ്ഗം സ്വീകരിക്കുന്ന താഴ്ന്നവർഗ്ഗക്കാരുടെ സാമൂഹികവും സാമ്പത്തികവും ആദ്ധ്യാത്മികവുമായ ഉന്നമനമാണ് സമൂഹത്തിന്റെ ലക്ഷ്യം'.

മലങ്കര ഗാന്ധി എന്നറിയപ്പെട്ടിരുന്ന മാർ ഒസ്താത്തിയോസ് ആരംഭിച്ച സ്ലീബാദാസ സമൂഹം, മറ്റു പ്രസിദ്ധങ്ങളായ പല മിഷനറി സമൂഹങ്ങളെയും പോലെയായിരുന്നില്ല. സഭയിലെ ചിന്തകന്മാരും ഉന്നതന്മാരുമായ മെത്രാപ്പോലീത്തന്മാരുടെയും നേതാക്കന്മാരുടെയും ആലോചനയോടും അറിവോടും സമ്മതത്തോടും കൂടിയായിരുന്നില്ല ഈ സമൂഹമുടലെടുത്തത്. കക്ഷിമാത്സര്യത്തിന്റെ രൂക്ഷത അലയടിച്ചിരുന്ന കാലഘട്ടം, സമൂഹമാരംഭിക്കുന്നതുസംബന്ധിയായി കൂടിയാലോചനയ്ക്കും മറ്റും അത്ര പറ്റിയതുമായിരുന്നില്ല. മുൻകൂട്ടി ഈ സമൂഹത്തിന് നിയമാവലികളും അനുസരണച്ചട്ടങ്ങളും ഉണ്ടാക്കിയിരുന്നില്ല. തന്റെ കൂടെ ആരെല്ലാം ഈ വേലക്കിറങ്ങിത്തിരിക്കുമെന്ന് കണക്കൂട്ടിയോ കൃത്യമായ പദ്ധതി രേഖകളോടെയോ ആയിരുന്നില്ല ഒരു വിപ്ലവകാരിയുടെ ഈ പുറപ്പാട്. എന്നാൽ ഈ എടുത്തു ചാട്ടത്തിനു പുറകിൽ ആഴമായ ബോധവും ഉത്തമ വിശ്വാസവും ഉണ്ടായിരുന്നു. ദൈവത്താൽ താൻ ഇതിനായി തികച്ചും വിളിക്കപ്പെട്ടിരിക്കുന്നു എന്ന ഉറച്ച ബോധ്യം അദ്ദേഹത്തെ പുറകോട്ടു മാറുവാനോ പിൻതിരിയുവാനോ നിവൃത്തിയില്ലാത്തവണ്ണം നിർബന്ധിച്ചു.

മലങ്കര സഭാ ചരിത്രത്തിൽ ഇദംപ്രഥമമാണ് മിഷണറി പ്രവർത്തനങ്ങൾക്കായിട്ടൊരു പ്രസ്ഥാനം സ്ഥാപിക്കുന്നത്. മൂക്കഞ്ചേരിൽ എം.പി.പീറ്ററിന്റെ ചിന്താമണ്ഡലത്തിൽ നാമ്പിട്ട ഒരാശയം സാക്ഷാൽക്കരിക്കപ്പെടുകയായിരുന്നു. അഭ്യസ്തവിദ്യനും, ആദർശധീരനും, അടിച്ചമർത്തപ്പെട്ടവരോടും ആലംബഹീനരോടും ഹൃദയത്തിൽ ദീനാനുകമ്പ പേറി നടന്ന പീറ്റർ എന്ന ചെറുപ്പക്കാരൻ എല്ലാം മനുഷ്യകുലത്തിനു വേണ്ടി ത്യജിച്ച ക്രൂശിലെ ത്യാഗത്തിനു മുൻപിൽ തന്റെ ജീവിതം സമർപ്പിച്ചു കഴിഞ്ഞിരുന്നു. അധ:കൃതർക്കു സ്വാഭിമാനവും നീതിയും മാന്യമായ ജീവിതവും ക്രിസ്തുവിലൂടെ മാത്രമേ ലഭ്യമാകൂ, എന്നുറച്ചു വിശ്വസിച്ച് എം. പി. പീറ്റർ 19–ാം വയസ്സു മുതൽ തന്നെ താണജാതിക്കാരുടെ കുടിലുകൾ സന്ദർശിക്കുകയും, പത്രം വായിച്ചു ലോകപരിചയം നൽകുകയും, ക്രിസ്തുവിനെ പരിചയപ്പെടുത്തുകയും, അവരോടൊപ്പം പ്രാർത്ഥിക്കുകയും ഇരിക്കുകയും ചെയ്യുന്ന കർമ്മത്തിൽ വ്യാപൃതനായിരുന്നു. എം.പി.പീറ്റർ ശെമ്മാശന്റെ പ്രവർത്തനങ്ങൾ മൂലം ശതാബ്ദങ്ങളായി ദീർഘനിദ്രയിലായിരുന്ന സമുദായത്തിനുള്ളിൽ വിപ്ലവാഗ്നി പടർത്തുവാൻ സാധ്യമായി. നൂറ്റാണ്ടുകളായി അടിമത്വത്തിലും, സവർണ്ണരുടെ ചൂഷണത്തിനും വിധേയരായി അപമാനിതരായി കഴിഞ്ഞ ആളുകൾക്ക് പ്രത്യാശയുടെ പ്രകാശം ശെമ്മാശനിലൂടെ ലഭ്യമായി. സഹജീവികളുടെ ഹൃദയം നുറുക്കുന്ന കരച്ചിലിനെ അവഗണിച്ചു സർക്കാരിൽ ഉന്നതജോലികൾ ചെയ്തു സമൂഹത്തിൽ മാന്യമായ സ്ഥാനം വഹിച്ചു ജീവിക്കുവാൻ കഴിഞ്ഞില്ല. എം.പി. പീറ്റർ തന്റെ കുലീനത്വവും പാണ്ഡിത്യവും മറ്റു കഴിവുകളും മൃഗതുല്യമായി സമൂഹത്തിൽ കഴിയേണ്ടിവരുന്ന സഹജീവികളുടെ കണ്ണീർ തുടയ്ക്കുവാനായി മാറ്റിവച്ചു. അതിനുവേണ്ടി കാടും മലയും, കല്ലും മുള്ളും താണ്ടി അദ്ദേഹം സഞ്ചരിച്ചു.

അവരിൽ പ്രത്യാശയുടെ നാമ്പുകൾ ഉയർന്നു. ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ അവധിക്കാലങ്ങളിൽ തൃപ്പൂണിത്തുറയുള്ള താണവർഗ്ഗക്കാരുടെ കുടിലുകൾ സന്ദർശിക്കുക പതിവായിരുന്നു. ഭവനത്തിനു സമീപമായിരുന്നതിനാൽ മൂക്കഞ്ചേരിൽ കൊച്ചുതമ്പ്രാൻ എന്ന് വിളിക്കപ്പെട്ടിരുന്ന ശെമ്മാശനോട് ഇവർക്കു വലിയ ആദരവായിരുന്നു. അവരുടെ കുടിലുകൾ യുവാവായ ശെമ്മാശൻ സന്ദർശിച്ച് ജീവിതചര്യയിൽ വരുത്തേണ്ട മാറ്റങ്ങൾ പറഞ്ഞുകൊടുത്തു. ശരീരവും ഭവനവും ചുറ്റുപാടും ശുചിത്വത്തിൽ പാലിക്കേണ്ടതിന്റെ ആവശ്യകത, മദ്യപാനത്തിന്റെ വിപത്ത്, കുട്ടികൾക്കെല്ലാം വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകത മുതലായ കാര്യങ്ങൾ അവരോട് സംസാരിച്ചിരുന്നു. ഈ മേഖലയിൽ താണവർഗ്ഗക്കാരുടെ ജീവിതത്തിനു മാറ്റം ഉണ്ടായാൽ അവർക്കു നഷ്ടപ്പെട്ട ജീവിതം വീണ്ടെടുക്കാം എന്ന് എം.പി പത്രോസ് ശെമ്മാശന് ഉറപ്പുണ്ടായിരുന്നു. എം.പി പത്രോസ് ശെമ്മാശൻ പിന്നീട് മലങ്കര സഭയുടെ മെത്രാപ്പോലീത്താ എന്ന അത്യുന്നതപദവിയിലേക്ക് ഉയർന്നപ്പോഴും തന്റെ ആദർശവും തന്റെ ദൗത്യവും അണുവിട വ്യതിചലിക്കാതെയാണ് അദ്ദേഹം തന്റെ ജീവിതം മുന്നോട്ട് കൊണ്ടുപോയത്.

തൃപ്പൂണിത്തുറയിലെ മൂക്കഞ്ചേരി തറവാട്ടിൽ 1886 ജൂൺ 20നാണ് കൊച്ചുപിള്ള എന്ന എം. പി. പീറ്റർ ജനിക്കുന്നത്. മെട്രിക്കുലേഷൻ പരീക്ഷയിൽ റാങ്കോടുകൂടി ജയിച്ചു. എറണാകുളം മഹാരാജാസ് കോളജ്, തൃശ്ശിനാപ്പിള്ളി സെന്റ് ജോസഫ് കോളജ് എന്നിവിടങ്ങളിൽ പഠിച്ച് ബി.എ. ബിരുദം നേടി. തിരുവനന്തപുരം ട്രെയിനിംഗ് കോളജിൽനിന്ന് എൽ.റ്റി.യും, സെനമ്പൂർ കോളജിൽനിന്ന് ബി.ഡി. യും കരസ്ഥമാക്കി. 1906ൽ മദ്ബഹായിൽ ശുശ്രൂഷകനായി പ്രവേശിച്ചു. യൂയാക്കിം മാർ ഈവാനിയോസിൽ നിന്ന് പ. വട്ടശ്ശേരിൽ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ 1916 ജൂൺ 4ന് ശെമ്മാശപട്ടവും, 1926 മേടം 22ന് സ്ലീബാ മാർ ഒസ്താത്തിയോസിൽ നിന്ന് കശ്ശീശാപട്ടവും, 1943ൽ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായിൽ നിന്ന് റമ്പാൻ സ്ഥാനവും, 1953 മെയ് 15 ന് കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് എപ്പിസ്കോപ്പാസ്ഥാനവും 1959 ജൂലൈ 12 ന് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം ചെയ്തു. തുടർന്ന് മലബാർ ഭദ്രാസനാധിപനായി. മലങ്കര സഭയുടെ മിഷനറി ബിഷപ്പായി സേവനം തുടർന്നു. ഒന്നിലധികം പ്രാവശ്യം ഭാരതപര്യടനം നടത്തുകയും വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത് പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. അവർണ്ണജാതിക്കാരുടെ ഉന്നമനത്തിനായി കൊച്ചി സർക്കാർ നിയമിച്ച സ്പെഷ്യൽ ഓഫീസറായിരുന്നു. അവർണ്ണരിൽനിന്ന് 25000ത്തിലധികം പേരെ വിശ്വാസം പഠിപ്പിച്ച് ഓർത്തഡോക്സ് സഭയിലേക്കു ചേർത്തു. ആരാധന മാതൃഭാഷയിലാക്കണമെന്ന ലക്ഷ്യത്തോടെ കുർബ്ബാന തക്സാ, കഷ്ടാനുഭവ ആഴ്ചയിലെ പ്രൊമിയോൻ, കൂദാശക്രമങ്ങൾ എന്നിവ പരിഭാഷപ്പെടുത്തിക്കിട്ടുവാൻ മുൻകൈ എടുക്കുകയും, പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. 1907 ൽ Young Mens Syrian Association of Jacobite Students, 1909 ൽ സിറിയൻ ബ്രദർഹുഡ്, പുലയർക്കായി ആദ്യമായി സ്കൂൾ എന്നീ പ്രസ്ഥാനങ്ങൾ സ്ഥാപിച്ചു. 1968 ഫെബ്രുവരി 2–ാം തീയതി മയൽത്തോ പെരുന്നാൾ ദിവസം 82–ാം വയസ്സിൽ കാലം ചെയ്തു. ഫെബ്രുവരി 3 ന് കണ്ടനാട് കർമ്മേൽ ദയറായിൽ കബറടക്കി.

പുലപ്പള്ളികൾ എന്ന ശീർഷകത്തിൽ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത 1920ൽ വിപ്ലവകരമായ ഈ ലേഖനം എഴുതി പ്രസിദ്ധീകരിച്ചത് അദ്ദേഹത്തിന്റെ ദർശനത്തെ വ്യക്തമാക്കുന്നതായിരുന്നു. അവശേഷിക്കുന്ന നമ്മുടെ സകല പുലപ്പള്ളികൾക്കും തീവെയ്ക്കണമെന്നാണു തന്റെ അഭിപ്രായമെന്നു അദ്ദേഹം തുറന്നടിച്ചു. ഏതാണ്ട് എൺപതു വയസ്സുവരെ തിരുമേനി സുശക്തം സ്ലീബാ ദാസസമൂഹത്തെ നയിച്ചു. തുടർന്ന് ശാരീരികാസ്വസ്ഥതകൾ അദ്ദേഹത്തെ ബാധിച്ചു. തന്റെ കാലശേഷം സമൂഹപ്രവർത്തനങ്ങളിൽ സംഭവിക്കാതിരിക്കാൻ, ആരോഗ്യം കുറഞ്ഞു തുടങ്ങിയപ്പോൾ വേണ്ട നടപടികൾ അദ്ദേഹം സ്വീകരിച്ചിരുന്നു. പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയാൽ സ്ഥാപിതമായ കണ്ടനാട് കർമ്മേൽ കുരിശുപള്ളി യൂയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായാൽ ദയറായായി പരിവർത്തനം ചെയ്യപ്പെടുകയും ചെയ്തു. അവിടെ തന്നെയാണ് മാർ ഒസ്താത്തിയോസും പിന്നീട് അവരുടെ പിൻഗാമിയായി നവയുഗപിറവിയ്ക്ക് ആരംഭം കുറിക്കുന്നത്. മലങ്കര സഭയുടെ ചരിത്രം ഇതപര്യന്തം പരിശോധിച്ചാൽ തിരുമേനിയെപ്പോലെ ഒരു വിപ്ലവവീരനെ നമുക്ക് കാണുവാൻ കഴിയില്ല. ഉന്നതമായ എല്ലാറ്റിനെയും വെടിഞ്ഞ്, യഥാർത്ഥ ക്രിസ്തുമാർഗ്ഗം വാക്കിലും പ്രവർത്തിയിലും ഒരുപോലെ സമന്വയിപ്പിച്ച് ലോകത്തിന് ഉത്തമ മാതൃകയായി ആ പുണ്യപിതാവ് പരിലസിച്ചു. പാവങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുക അല്ലെങ്കിൽ അവരെ കരുതുക എന്നത് ഒരു കടമയോ ഉത്തരവാദിത്വമോ എന്നതിലുപരി അവർ തന്റെ സ്വന്തം സഹോദരങ്ങളാണ് എന്ന നിലയിലായിരുന്നു തിരുമേനിയുടെ പ്രവർത്തനം. മലങ്കരയുടെ മഹാനായ മിഷണറി വീരന്റെ ഓർമ്മയിൽ നമുക്കും അദ്ദേഹത്തെ സ്മരിക്കാം,അദ്ദേഹത്തിന്റെ പാതകളെ പിന്തുടരാം...

പെരുന്നാളിലേക്കു സ്വാഗതം.....

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആദ്യ മിഷനറി പ്രസ്ഥാനമായ സ്ലീബാദാസ സമൂഹം നമ്മുടെ നാട്ടിലെ അധ:കൃതരും അശരണരുമായ ജനങ്ങളുടെ പുരോഗതിക്കു വേണ്ടി മലങ്കര സഭാ ഗാന്ധിയനും പരിശുദ്ധനുമായ അഭിവന്ദ്യ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി ആരംഭിച്ചതാണ്. അത് പരിശുദ്ധ പരുമല തിരുമേനി വിഭാവനം ചെയ്ത ക്രിസ്തീയ സമന്വയതയുടെ സാക്ഷാൽക്കാരമായി പരിലസിക്കുന്നു. സ്ലീബാദാസ സമൂഹം വിവിധങ്ങളായ സുവിശേഷ കാരുണ്യ പ്രവർത്തനങ്ങളിലൂടെ ഇന്ന് നൂറ് വർഷം പിന്നിട്ടിരിക്കുകയാണ്.

അവഗണിക്കപ്പെട്ട അനേകായിരം പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ക്രിസ്തീയസ്നേഹവും, കരുണയും പകരുവാൻ ഈ പ്രസ്ഥാനത്തിന് കഴിഞ്ഞത് അഭിമാനത്തോടെ സ്മരിക്കേണ്ട ഒരു ചരിത്ര സംരംഭമാണ്. മുളന്തുരുത്തിക്കും കണ്ടനാടിനും സമീപമായി 1919 ൽ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി സ്ഥാപിച്ച കർമ്മേൽ ദയറാ കേന്ദ്രീകരിച്ച്, വയോജനങ്ങൾക്കും, വിദ്യാർഥികൾക്കും, നിരാലംബർക്കും, ഭവനരഹിതർക്കും, പ്രയോജനപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു. കേരളത്തിന്റെ സാംസ്കാരികവും സാമൂഹ്യവും ആത്മീയവുമായ പ്രവർത്തനങ്ങൾക്ക് നെടുനായകത്വം വഹിച്ച അഭിവന്ദ്യ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ കബറിടം സ്ഥിതി ചെയ്യുന്ന കർമ്മേൽ ദയറാ ഇത്തരം സാമൂഹ്യ പരിവർത്തനങ്ങളുടെ കർമ്മ ഭൂമിയായി തുടർന്നും പ്രശോഭിക്കുവാൻ പ്രാർത്ഥനാപൂർവ്വം നമുക്ക് അണിചേരാം. ആ കർമധീരനായ ഒസ്താത്തിയോസ് തിരുമേനിയുടെ അനുഗ്രഹങ്ങൾ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് എന്നും തുണയാകട്ടെ എന്ന് പ്രാർഥിക്കാം.

കണ്ടനാട് കർമ്മേൽ ദയറായിൽ കബറടങ്ങിയിരിക്കുന്ന മലബാർ ഭദ്രാസന പ്രഥമ മെത്രാപ്പോലീത്തായും സ്ലീബാദാസ സമൂഹ സ്ഥാപകനും സാമൂഹ്യ പരിഷ്കർത്താവുമായ മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 58–ാമത് ശ്രാദ്ധപ്പെരുന്നാൾ 2026 ജനുവരി മാസം 29 മുതൽ ഫെബ്രുവരി മാസം 2 വരെ സുൽത്താൻബത്തേരി ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ ഗീവർഗീസ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ ഭക്ത്യാദരപൂർവ്വം ആചരിക്കുവാൻ ദൈവത്തിൽ ശരണപ്പെടുന്നു.

പ്രാർത്ഥനയോടും നേർച്ച കാഴ്ചയോടുംകൂടി പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ ഏവരേയും ക്ഷണിക്കുന്നു.

സ്നേഹാദരങ്ങളോടെ .... കർത്തൃശ്രുശ്രൂഷയിൽ,

ഫാ. തോമസ് മ്യാലിൽ
(ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ)
7709867706

വി.കെ വർഗീസ്
(ജനറൽ കൺവീനർ)
9995991000

മാർ ഒസ്താത്തിയോസ് ജീവിതരേഖയിലെ ചില അപൂർവ്വതകൾ

1886 : ജൂൺ 20 ന് തൃപ്പൂണിത്തുറയിൽ മൂക്കഞ്ചേരി കുടുംബത്തിൽ ജനനം

1907 : യങ്ങ് മെൻസ് സിറിയൻ അസോസിയേഷൻ രൂപീകരിച്ചു.

1916 : ജൂൺ 4ന് ശെമ്മാശനായി.

1919 : ബി. ഡി. പാസ്സായി.

1920 : കുർബ്ബാനതക്സ, ആണ്ടുതക്സ എന്നിവ സുറിയാനിയിൽ നിന്ന് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചു.

1924 : സ്ലീബാദാസസമൂഹം രൂപീകരിച്ചു.

1925 : വൈക്കം സത്യാഗ്രഹത്തിൽ ഗാന്ധിജിയ്ക്കൊപ്പം പങ്കെടുത്തു.
കൊച്ചി സംസ്ഥാനത്തെ അധ:കൃതർക്കായുള്ള സ്പെഷ്യൽ ഓഫീസറായി നിയമിതനായി.

1926 : ജൂൺ 5ന് വൈദികനായി.

1943 : ജൂലൈ 2ന് ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ റമ്പാനാക്കി ഉയർത്തി.

1952 : ഭാരതമിഷൻ പര്യടനം നടത്തി.

1953 : ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായിൽ നിന്ന് മെത്രാപ്പോലീത്താ സ്ഥാനം സ്വീകരിച്ചു.

1968 : ഫെബ്രുവരി 2ന് കാലം ചെയ്തു. ഫെബ്രുവരി 3ന് കർമ്മേൽ ദയറായിൽ കബറടക്കപ്പെട്ടു.

www.baseliosvidyanikethan.com

BASELIOS VIDYANIKETHAN
SENIOR SECONDARY SCHOOL (CBSE)
(Affiliation No. 930739)
Giri Sinai, Vettickal
Ernakulam Dist.,
Kerala Pin - 682 314

ADMISSION STARTED 2026-2027
Ph: 0484-2742250 E-mail: baseliosvidyanikethancbse@gmail.com

കാര്യപരിപാടികൾ

കർമ്മേൽ ദയറാ ഫെബ്രുവരി 2 പെരുന്നാൾ

2026 ജനുവരി, വ്യാഴം 29

06:30 AM : പ്രഭാത നമസ്കാരം
07:00 AM : വി.കുർബ്ബാന
: പെരുന്നാൾ കൊടിയേറ്റ്
: തമുക്ക് നേർച്ച
06:30 PM : സന്ധ്യാ നമസ്കാരം
(പടിഞ്ഞാറെ കുരിശിങ്കൽ)
: വചനശുശ്രൂഷ
റവ. ഫാ. സഞ്ജയ് ഏലിയാസ് ജോയ്
(സഹവികാരി, മാർത്തോമൻ പള്ളി, മുളന്തുരുത്തി)
: ആശീർവാദം
: ഉണ്ണിയപ്പം നേർച്ച

2026 ജനുവരി, വെള്ളി 30

06:30 PM : സന്ധ്യാ നമസ്കാരം
(കിഴക്കേ കുരിശിങ്കൽ)
: വചനശുശ്രൂഷ
റവ. ഫാ. ജിതിൻ മാത്യു ഫിലിപ്പ്
(സഹവികാരി, സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ, കണ്ടനാട്)
: ആശീർവാദം
: നെയ്യപ്പം നേർച്ച

2026 ജനുവരി, ശനി 31

03:00 PM : പത്രോസ് മാർ ഒസ്താത്തിയോസ് മെമ്മോറിയൽ പ്രസംഗ മത്സരം
(കണ്ടനാട് ഈസ്റ്റ്, വെസ്റ്റ്, അങ്കമാലി, കൊച്ചി ഭദ്രാസനങ്ങളിലെ സീനിയർ സൺഡേസ്കൂൾ വിദ്യാർത്ഥികൾ)
06:00 PM : സന്ധ്യാ നമസ്കാരം
06:30 PM : **സിമ്പോസിയം**
ആധുനിക യുഗവും പത്രോസ് മാർ ഒസ്താത്തിയോസ് ദർശനവും
ഉദ്ഘാടനം : ബഹു. റിട്ട. ജസ്റ്റീസ് ബെഞ്ചമിൻ കോശി
(മുൻ മൈനോറിറ്റി കമ്മീഷൻ ചെയർമാൻ)
മോഡറേറ്റർ : റവ. ഫാ. അഡ്വ. കുര്യാക്കോസ് ജോർജ്ജ്
(മാനേജർ, വെട്ടിക്കൽ ദയറാ)
പങ്കെടുക്കുന്നവർ : ശ്രീ. തോമസ് വർഗീസ് (സിഇഒ, കൊച്ചി ബിനാലെ)
ഡോ. ആമോസ് പി.തോമസ്
(അസി. പ്രൊഫസർ, നിർമ്മല കോളേജ്, മുവാറ്റുപുഴ)
ശ്രീ. ജോബിൻ എൻ ബി
(റിസർച്ച് സ്കോളർ, സംസ്കൃത സർവകലാശാല)
ശ്രീ. ലിന്റോ പോൾ
(ജോ.സെക്രട്ടറി, ഇക്കോളജിക്കൽ കമ്മീഷൻ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ)
ശ്രീ. സഖറിയ പെരുമ്പടവം
(ചരിത്ര ഗവേഷകൻ, ഗ്രന്ഥ കർത്താവ്)
പ്രസംഗ മത്സര വിജയികൾക്ക് സമ്മാനദാനം
ആശീർവാദം
സ്നേഹവിരുന്ന്

2026 ഫെബ്രുവരി,ഞായർ 01

07:00 AM : പ്രഭാത നമസ്കാരം
08:00 AM : സമൂഹ ബലി
കാർമ്മികർ : റവ. ഫാ. തോമസ് പൊന്നാംകുഴി
റവ. ഫാ. ഡോ.റ്റി.പി.ഏലിയാസ്
റവ. ഫാ. ഡോ. കുര്യാക്കോസ് തണ്ണിത്തോട്
: കബറിങ്കൽ ധൂപ പ്രാർത്ഥന
: പാച്ചോർ നേർച്ച
05:00 PM : സ്മൃതിയാത്ര
മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ നിന്നും കർമ്മേൽ ദയറാ കബറിങ്കലേക്ക് തീർത്ഥയാത്ര
(മുളന്തുരുത്തി പള്ളിത്താഴത്ത് പൗരാവലിയുടെ നേതൃത്വത്തിലും ആശ്രമം കവലയിലും സ്വീകരണം)
06:00 PM : സന്ധ്യാ നമസ്കാരം
മുഖ്യകാർമ്മികത്വം അഭി.ഡോ. ഗീവർഗീസ് മാർ ബർണബാസ് മെത്രാപ്പോലീത്ത
(സുൽത്താൻ ബത്തേരി ഭദ്രാസനം)
: പ്രദക്ഷിണം
(വട്ടുക്കുന്ന് കവലയിലെ മാർ ഗ്രിഗോറിയോസ് ആശ്രമം വക സെന്റ് ഗ്രിഗോറിയോസ് കുരിശ്, ദയറായുടെ കിഴക്കേ സെന്റ് ജോർജ് കുരിശ്, കണ്ടനാട് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ദേവാലയം വക സെന്റ് ജോർജ് കുരിശ്, കണ്ടനാട് ഹൈസ്കൂൾ കവാടം, കർമ്മേൽ ദയറാ വക പടിഞ്ഞാറേ സെന്റ് മേരീസ് കുരിശ്, സെന്റ് ഗ്രിഗോറിയോസ് ആശ്രമം ചാപ്പൽ, വേഴപറമ്പ് പന്തൽ വഴി ദയറായിൽ സമാപിക്കുന്നു.)
: ധൂപപ്രാർത്ഥന
: ശ്ലൈഹിക വാഴ്വ്
: അത്താഴ സദ്യ

2026 ഫെബ്രുവരി,തിങ്കൾ 02

07:30 AM : പ്രഭാത നമസ്കാരം
08:30 AM : വി.കുർബ്ബാന
അഭി.ഡോ. ഗീവർഗീസ് മാർ ബർണബാസ് മെത്രാപ്പോലീത്ത
(സുൽത്താൻ ബത്തേരി ഭദ്രാസനം)
: അനുഗ്രഹ പ്രഭാഷണം
: മദ്ധ്യസ്ഥ പ്രാർത്ഥന
: കബറിങ്കൽ ധൂപ പ്രാർത്ഥന
10:30 AM : പ്രദക്ഷിണം
(ദയറാ വക സെന്റ് ജോർജ് കിഴക്കേ കുരിശിങ്കലേയ്ക്ക് പുറപ്പെട്ട് ധൂപപ്രാർത്ഥനയ്ക്കും ആശീർവാദത്തിനും ശേഷം പള്ളിയിൽ തിരിച്ചെത്തുന്നു)
: ശ്ലൈഹിക വാഴ്വ്
: നേർച്ച സദ്യ
: സ്നേഹാദാസ സമൂഹം കുടുംബ സംഗമം
: കൊടിയിറക്കം

"സഹോദരസ്നേഹത്തിന്റെ ആത്മാവിനോട് എതിർക്കുന്നവർ സാധുക്കളുടെ സ്നേഹിതനായ മശിഹാതമ്പുരാനോടുള്ള കടമ നിവർത്തിക്കുന്നില്ല.."

പെരുന്നാൾ ആശംസകളോടെ
MGM MAR GREGORIOS MEMORIAL EDUCATIONAL INSTITUTIONS
"Here Learning Goes Beyond Books"
www.mgmschool.com | www.mgmtc.in | www.mgmcollege.in
13 Colleges | 17 Schools | Dr. Geevarghese Yohannan Founder & Chairman
Since 1994

കർമ്മേൽ ദയറ കോർ കമ്മിറ്റി

രക്ഷാധികാരി

മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ
കാതോലിക്കാ ബാവ

പ്രസിഡന്റ്

അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത

വൈസ് പ്രസിഡന്റ്	:	ഫാ. പി.കെ തോമസ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ	:	ഫാ. തോമസ് മ്യാലിൽ
ജനറൽ സെക്രട്ടറി	:	ഫാ. ഡോ.സോമു കെ.സാമുവേൽ
ട്രഷറർ	:	കെ.കെ ജോർജ്
ഓഫീസ് സെക്രട്ടറി	:	ഡീ. ബേസിൽ ബാബു
കമ്മിറ്റി മെംബേർസ്	:	ഫാ. സി.എം രാജു സഖറിയാ മാണി IRS വി.കെ വർഗീസ് അഡ്വ. ഉമ്മൻ ജോൺ കോശി മാത്യു

കർമ്മേൽ ദയറാ സെന്റ് കുറിയാക്കോസ് ചാപ്പൽ
ആരാധന സമയം

നമസ്കാരം : രാവിലെ 05.00 (രാത്രി) ഉച്ചയ്ക്ക് 12.30 (ഉച്ച) വൈകിട്ട് 06.00 (സന്ധ്യ)

വി. കുർബ്ബാന : ഞായറാഴ്ച രാവിലെ 08.00

മോറാനായ പെരുന്നാൾ : രാവിലെ 07.00

സ്നീബാദാസ സമൂഹസ്ഥാപകൻ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ കബറിടം സന്ദർശന സമയം രാവിലെ 5.00 മണി മുതൽ രാത്രി 10 വരെ

വിശുദ്ധ കുർബ്ബാന സമർപ്പണം

കർമ്മേൽ ദയറാചാപ്പലിൽ ഞായറാഴ്ചകളിലും മോറാനായ പെരുന്നാളുകളിലും വിശുദ്ധ കുർബ്ബാനയിൽ സ്ഥിരമായി പേരുകൾ ഓർക്കുന്നതിന് ഒരു വർഷത്തേക്ക് 1000 രൂപ, ആറ് മാസത്തേക്ക് 500 രൂപ, മൂന്ന് മാസത്തേക്ക് 250 രൂപ, ഒരു കുർബ്ബാനക്ക് 10 രൂപ.

കഞ്ഞി നേർച്ച (ഒരു ഞായറാഴ്ച) – 2000 രൂപ

പെരുന്നാൾ ഓഹരി – 500 രൂപ (പെരുന്നാൾ ദിവസം വി.കുർബ്ബാനയിൽ പേര് ഓർക്കും).

സ്നീബാദാസ സമൂഹം എന്ന മിഷനറി പ്രസ്ഥാനത്തിന്റെ പഠനം, ചികിൽസാ, വിവാഹം, ഭവന നിർമ്മാണം എന്നീ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വർഷത്തിൽ 10,000 രൂപയിൽ കൂടുതൽ തുക സംഭാവന നൽകുന്നവരെ സ്നീബാദാസ സമൂഹം സ്നേഹിത കൂട്ടായ്മയിൽ അംഗമായി ചേർക്കും (Frends of SDS).



പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി
58–ാം ശ്രാദ്ധപ്പെരുന്നാൾ കമ്മിറ്റി 2026

ജനറൽ കൺവീനർ	:	വി.കെ വർഗീസ്
ജോ. കൺവീനർ	:	ബാബു കാലാപ്പിള്ളിൽ
ഫിനാൻസ് കമ്മിറ്റി കൺവീനർ	:	റോയ് തമ്പി
പ്രോഗ്രാം കമ്മിറ്റി കൺവീനർ	:	ഇ.പി. സാബു
മെയ്ന്റനൻസ് കമ്മിറ്റി കൺവീനർ	:	ടോണി ചെറിയാൻ
പബ്ലിസിറ്റി കമ്മിറ്റി കൺവീനർ	:	ഷാജു വി. ചെറിയാൻ
ഫുഡ് കമ്മിറ്റി കൺവീനർ	:	എൽദോ പ്രിൻസ്
ലൈറ്റ് & സൗണ്ട് കമ്മിറ്റി കൺവീനർ	:	മാത്യു ചെറിയാൻ .വി
റിസപ്ഷൻ കമ്മിറ്റി കൺവീനർ	:	ഷാജി മലയൻ
റാസ കമ്മിറ്റി കൺവീനർ	:	രാജി കുര്യാക്കോസ്
വോളന്റീർ കമ്മിറ്റി കൺവീനർ	:	എബി യോഹന്നാൻ
സപ്ലിമെന്റ് കമ്മിറ്റി കൺവീനർ	:	വി.കെ പോൾ

MALANKARA ORTHODOX SYRIAN CHURCH
CARMEL DAYARA
ST.KURIAKOSE CHAPEL
SLEEBADASA SAMOOHAM

Account Details: Carmel Dayara, St.Kuriakose Chapel
Sleeba Dasa Samooham, A/c No.11410100163813
IFSC Code: FDRL0001141
The Federal Bank Ltd, Mulanthuruthy

സംഭാവനകൾ ഈ QR കോഡിൽ അയക്കാവുന്നതാണ്

FEDERAL BANK
SCAN QR CODE TO PAY
SLEEBA DASA SAMOOHAM
Use any of these apps to scan the QR
FedMobile
G Pay
PAYTM BHIM

പത്രോസ് മാർ ഒസ്താത്തിയോസ് പ്രസംഗ മൽസരം

മലങ്കര ഓർത്തഡോക്സ് സഭയുടെ വടക്കൻ മേഖലയിലെ 13 വയസ്സ് മുതൽ 17 വയസ്സ് വരെയുള്ള സൺഡേ സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് 2026 ജനുവരി 31, ശനിയാഴ്ച ഉച്ചയ്ക്ക് 03.00 മണിക്ക് കർമ്മേൽ ദയറായിൽ പത്രോസ് മാർ ഒസ്താത്തിയോസ് മെമ്മോറിയൽ പ്രസംഗ മൽസരം നടത്തപ്പെടുന്നു. ഒന്നാം സമ്മാനം : 3,001 രൂപ, ക്യാഷ് അവാർഡ് & ട്രോഫി, രണ്ടാം സമ്മാനം: 2,001 രൂപ, ക്യാഷ് അവാർഡ് & ട്രോഫി മൂന്നാം സമ്മാനം: 1,001 രൂപ, ക്യാഷ് അവാർഡ് & ട്രോഫി. പങ്കെടുക്കുന്ന എല്ലാം കുട്ടികൾക്കും പ്രോൽസാഹന സമ്മാനം. പേരുകൾ രജിസ്റ്റർ ചെയ്യേണ്ട ഗൂഗിൾ ഫോം https://forms.gle/gEHNYWpzUsvZS8

ശുശ്രൂഷകർക്ക് പരിശീലന ക്യാമ്പ്

പള്ളികളിൽ ശുശ്രൂഷ ജോലികൾ നിർവ്വഹിക്കുവാൻ താൽപര്യമുള്ളവർക്ക് കണ്ടനാട് കർമ്മേൽ ദയറായിൽ പരിശീലനവും ജോലി സാധ്യതയും നൽകുന്നു.

താമസ സൗകര്യം

ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് ഉപരിപഠനം, ഹ്രസ്വകാല തൊഴിൽ, തീർത്ഥടനം എന്നി ആവശ്യങ്ങൾക്ക് കർമ്മേൽ ദയറായിൽ താമസ സൗകര്യം ലഭ്യമാണ്.

ഫാ. തോമസ് മ്യാലിൽ CEO
7709867706

"ദിവസേന അരമണിക്കൂർ നേരത്തേക്കെങ്കിലും വേദവായനയും അനുഭവിക്കണം."
"സമയം വ്യർഥാ കളയാതെ സുറിയാനിയും ഇംഗ്ലീഷും വേദകാര്യങ്ങളും പഠിച്ചുകൊണ്ടിരിക്കണം."
"ജാതിവ്യത്യാസമെന്ന ശാപത്തെ നമ്മിൽനിന്നു വേരോടെ പറിച്ചുകളയണം"

വചന മാധുരി പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി

42 years of deliciousness
MOST TRUSTED NAME IN CATERING
VEE KAY VEES
CATERERS
SINCE 1985
ANY CUISINE I ANY DESTINATION I ANY TIME
enquiry@veekayvees.com veekayvess.com
KOCHI +91 7736251555
THIRUVALLA +91 7736351555
KAYAMKULAM +91 7736451555
TRIVANDRUM +91 7736651555

Printed and Published by Perunal Publicity Committe, Carmel Dayara,Kandanad, Printed @ Printexpress, Design and Layout :Simons Graphics Company Kumbazha, No.of copies : 2000